"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് എറണാകുളം ജില്ല കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി. ക്രിസ്റ്റി ഫിലിപ്പിനെ അന്യത്ര സേവനവ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ എം) വകുപ്പ്**

സ.ഉ.(സാധാ) നം.1934/2026/LSGD തീയതി,തിരുവനന്തപുരം, 14-10-2026

---

പരാമർശം:-
1. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.08.2026-ലെ എൽ.എസ്.ജി.ഡി/പി ഡി / 27338 / 2026-ഡി ഇ ബി 2 നമ്പർ കത്ത്.
2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 08.09.2026-ലെ SEC/1179/2021-A1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് എറണാകുളം ജില്ല കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി. ക്രിസ്റ്റി ഫിലിപ്പിന് അന്യത്ര സേവനവ്യവസ്ഥയിൽ നിയമനം നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. ശ്രീമതി ക്രിസ്റ്റി ഫിലിപ്പിന്റെ സേവനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ കാര്യാലയത്തിന് നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് തടസ്സമില്ലായെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് എറണാകുളം ജില്ല കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി. ക്രിസ്റ്റി ഫിലിപ്പിനെ അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേക്കു നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുയീനുദീൻ എൻ കെ എ എസ്
അണ്ടർ സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് , തിരുവനന്തപുരം
ശ്രീമതി. ക്രിസ്റ്റി ഫിലിപ്പ്, ജൂനിയർ സൂപ്രണ്ട്, കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ,എറണാകുളം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Sindhu.S
Date: 14-10-2026
16:27:43

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ